പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 234

19.12.2012ൽ മറുപടിയ്ക്ക്

## നീരുറവകൾ അപ്രത്യക്ഷമാകുന്ന സ്ഥിതിവിശേഷം

ചോദ്യം : ശ്രീ. സി. മോയിൻകുട്ടി
ശ്രീ. കെ. എൻ. എ. ഖാദർ
ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്തെ നദികൾക്ക് ജലം നൽകുന്ന പശ്ചിമഘട്ട മലനിരകളിലെ ചെറുതും വലുതുമായി നിലനിന്നിരുന്ന നീരുറവകൾ ഓരോന്നായി അപ്രത്യക്ഷമാകുന്ന ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പശ്ചിമഘട്ട മലനിരകളിലെ ചെറുതും വലുതുമായി നിലനിന്നിരുന്ന നീരുറവകൾ ഓരോന്നായി അപ്രത്യക്ഷമാകുന്നു എന്ന അഭിപ്രായം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ 44 നദികളും പശ്ചിമഘട്ട മലനിരകളിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ഈ നദികളിൽ ഒഴുകിയെത്തുന്ന തോടുകളും അരുവികളും ചില സ്ഥലങ്ങളിൽ നികത്തുവാൻ ശ്രമിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കൊടുംവേനലിൽ പോലും ജലസമ്പുഷ്ടമായിരുന്ന ഉറവകൾ അപ്രത്യക്ഷമാകുന്നതിനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) ഉറവകളെ പുനരുജ്ജീവിപ്പിക്കുന്നതുൾപ്പെടെയുള്ള പരിഹാര നടപടികൾക്ക് തുടക്കം കുറിക്കുമോ ? | (സി) കേരളത്തിലെ എല്ലാ ജില്ലകളിലെയും കുളങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

12